''ഭരണഭാഷ-മാതൃഭാഷ''

നമ്പർ സി5/10/2018/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 18-08-2019

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്/നൂൺമീൽ കോ-ഓർഡിനേറ്റർ/നൂൺമീൽ ഓഫീസർ/സ്റ്റോർ കീപ്പർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം - സീനിയർ ക്ലാർക്കുമാരുടെ സേവന പുസ്തകം പരിശോധനയ്ക്കു വേണ്ടി ആവശ്യപ്പെടുന്നത് സംബന്ധിച്ച്

പരാമർശം : ഈ കാര്യാലയത്തിലെ 03-08-2009 ലെ എസ്.വൈ(2)47123/2008/ഡി.പി.ഐ നമ്പർ ഉത്തരവ്

പരാമർശ പ്രകാരം 01-01-2006 മുതൽ 31-12-2010 വരെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക അന്തിമപ്പെടുത്തുകയും പ്രസ്തുത പട്ടികയിൽ നിന്നും റാങ്ക് നമ്പർ 451 മുതൽ 500 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട്/നൂൺമീൽ കോ-ഓർഡിനേറ്റർ/നൂൺമീൽ ഓഫീസർ/സ്റ്റോർ കീപ്പർ എന്നീ തസ്തികയിലേക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടി സർവീസ് സംബന്ധമായ വിവരങ്ങൾ പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നമ്പർ 451 മുതൽ 500 വരെയുള്ള ജീവനക്കാരുടെ സർവീസ് സംബന്ധമായ വിവരങ്ങൾ ഡയറക്ടറേറ്റിൽ ലഭ്യമല്ലാത്തതിനാൽ ടി. ജീവനക്കാരുടെ സേവനപുസ്തകവും ഈ പരിപത്രത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദിഷ്ട പ്രൊഫോർമയും ഓഫീസ് മേലധികാരി മേലൊപ്പിട്ട് 29-08-2019 നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ലഭിച്ച പ്രൊഫോർമയോടു കൂടിയ സേവന പുസ്തകങ്ങൾ പ്രത്യേക ദൂതൻ മുഖേന 31-08-2019 നകം ഈ ഓഫീസിൽ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

യഥാസമയം പ്രൊഫോർമയും സേവനപുസ്തകവും ഹാജരാക്കാൻ ഓഫീസ് മേലധികാരികൾ വീഴ്ച വരുത്തരുതെന്ന്അറിയിക്കുന്നു. പ്രൊഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

// അംഗീകാരത്തോടെ //

സൂപ്രണ്ട്

പകർപ്പ്:

1. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം
2. പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
6. എല്ലാ പ്രഥമാധ്യാപകർക്കും
7. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. കരുതൽ ഫയൽ

എൻ.കെ 21-08-2019